(സി&ഡി) ചെക്ക്പോസ്റ്റുകളിലെ പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇത് രേഖാപരിശോധനയിൽ ചുരുങ്ങാതെ, സെലക്ടീവായി വിശദമായ ഫിസിക്കൽ വെരിഫിക്കേഷൻ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ചെക്ക് പോസ്റ്റുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ ടേക്ക് ഓവറും, ഓവർ ചെക്കിംഗും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിനകത്തെ ചരക്കുവാഹനങ്ങളുടെ പരിശോധനയും കർശനമാക്കിയിട്ടുണ്ട്. എക്കണോമിക് ഇന്റലിജൻസ് വിംഗ് പുറം ഏജൻസികളിൽ നിന്നും ശേഖരിക്കുന്ന രേഖകൾ ഡീലർമാരുടെ റിട്ടേണുകളുമായി ഒത്തുനോക്കി നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നുണ്ട്. നികുതി വെട്ടിപ്പിന് കൂടുതൽ സാദ്ധ്യതയുള്ള ചരക്കുകളിൽ മുൻകൂർ നികുതി ഏർപ്പെടുത്തുകയും ആയതിന്റെ തറവില സമയാസമയങ്ങളിൽ പുനർനിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ആദായ നികുതി, കസ്റ്റംസ് തുടങ്ങിയ കേന്ദ്ര ഏജൻസികളുമായി സഹകരിച്ച് 360 ഡിഗ്രി മോണിറ്ററിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നികുതി കുടിശ്ശിക റവന്യൂ റിക്കവറി നടപടികളിലൂടെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

വില്പന നികുതി സ്റ്റേ

164 (2402) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വ്യാപാരികളിൽ എത്ര പേർക്ക് വില്പന നികുതി ഒടുക്കുവാനുള്ള അവധിയും സ്റ്റേയും അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഇതിന്റെ അടിസ്ഥാനത്തിൽ എത്ര കോടി രൂപയുടെ വരുമാന നഷ്ടമുണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

നികുതി കുടിശ്ശിക

165 (2403) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ഏർപ്പെടുത്തിയ പുതിയ നികുതി നിർദ്ദേശങ്ങൾ ഏതെല്ലാം ;

(ബി) നടപ്പു സാമ്പത്തിക വർഷം പിരിച്ചെടുത്ത നികുതി കുടിശ്ശിക എത്രയാണെന്നും ഇനി പിരിച്ചെടുക്കാനുള്ളത് എത്രയാണെന്നും അറിയിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുകയുടെ നികുതി കുടിശ്ശികയ്ക്ക് സ്റ്റേ നൽകിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏതെല്ലാം വകുപ്പുകളിൽ നിന്നും എത്ര നികുതി വീതം കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗറ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി സ്ലാബാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്

(ബി) കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 31-3-2013-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ആകെ 12243.86 കോടി രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ടായിരുന്നു. ഇതിൽ, വകുപ്പുതല കണക്കുകൾ പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ 182.65 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 31-10-2014 വരെ 61.067 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പിരിച്ചെടുക്കേണ്ടിയിരുന്നതുൾപ്പെടെ നിലവിലെ കണക്കുകൾ പ്രകാരമുള്ള നികുതി കുടിശ്ശിക 12739.48 കോടി രൂപയാണ്.

(സി) ഇൻസ്റ്റാൾമെന്റ് ഉൾപ്പെടെ ഏകദേശം 308 കോടി രൂപയ്ക്ക് നികുതി വകുപ്പിൽ നിന്നും സ്റ്റേ നൽകിയിട്ടുണ്ട്.

(ഡി)

വകുപ്പ്	കുടിശ്ശിക (തുക കോടിയിൽ)
വാണിജ്യനികുതി വകുപ്പ്	6678.25
വനം വന്യജീവി വകുപ്പ്	249.69
ലോക്കൽ ഫണ്ട് ഓഡിറ്റ്	20.52
സ്റ്റേഷനറി	10.60
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്	5556.79
എക്സൈസ്	223.24
മൈനിംഗ് & ജിയോളജി	0.39
ആകെ	12739.48

LIBRARY ARCHIVES Kerala Legislative Assembly